# കണ്ണൂർ സർവകലാശാല
## (വിദൂര വിദ്യാഭ്യാസ വിഭാഗം)

**വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തി വരുന്ന വിവിധ ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് പ്രവേശനം നേടുന്നതിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിന് സഹായകരമായ നിർദ്ദേശങ്ങൾ.**

*************************************************************************

**STEP 1** (ഓൺലൈൻ രജിസ്ട്രേഷനു മുമ്പ്)

- സർവകലാശാല വെബ്സൈറ്റിൽ പ്രദർശിപ്പിച്ചിരിക്കുന്ന കോഴ്സ് പ്രവേശന വിജ്ഞാപനം സശ്രദ്ധം വായിക്കുക. അനുയോജ്യമായ കോഴ്സ് തിരഞ്ഞെടുക്കുക.
- കോഴ്സ് പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതയുണ്ടെന്ന് ഉറപ്പുവരുത്തുക. ഒന്നാം വർഷത്തെ ഫീസ് എത്രയെന്ന് മനസ്സിലാക്കുക.
- ഫീസ് ആനുകൂല്യങ്ങൾ നേടാൻ ആഗ്രഹിക്കുന്നവർ വരുമാന സർട്ടിഫിക്കറ്റ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുക.
- ഒന്നാം വർഷത്തെ ഫീസ് ഒടുക്കുക.

  **സർവകലാശാല വെബ്സൈറ്റിൽ ലഭ്യമായിരിക്കുന്ന 'SBI Collect' എന്ന ലിങ്കിലൂടെ ഓൺലൈൻ ആയി മാത്രമേ ഫീസ് ഒടുക്കാവൂ. ട്രഷറി ചലാൻ/ബാങ്ക് ചലാൻ, ഡിമാന്റ് ഡ്രാഫ്റ്റ്, മണിയോർഡർ, ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല.**

**<u>ഓൺലൈനായി ഫീസ് ഒടുക്കുന്ന വിധം:</u>**

സർവകലാശാല വെബ്സൈറ്റ് www.kannuruniversity.ac.in സന്ദർശിക്കുക. ഹോം പേജിൽ ഇടതു വശത്ത് താഴെയായി 'Online Fee Payment SBI Collect' എന്ന ലിങ്കിൽ ക്ലിക് ചെയ്യുക. Disclaimer Clause ടിക് ചെയ്തശേഷം 'Proceed' ചെയ്യുക. Payment Category യായി 'School of Distance Education – Course Fee' തിരഞ്ഞെടുക്കുക. തുടർന്ന് വരുന്ന കോളങ്ങൾ കൃത്യമായി പൂരിപ്പിക്കുക. 'Register Number' കോളത്തിൽ യോഗ്യതാപരീക്ഷ പാസായതിന്റെ രജിസ്റ്റർ നമ്പർ നൽകുക. 'Purpose' കോളത്തിൽ നിങ്ങൾ പഠിക്കാൻ ആഗ്രഹിക്കുന്ന കോഴ്സ് തിരഞ്ഞെടുക്കുക. പേര്, ജനനത്തീയതി എന്നിവ യോഗ്യത സർട്ടിഫിക്കറ്റിലേതു പോലെ തന്നെ പൂരിപ്പിക്കുക. തുടർന്ന് ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ നൽകുക. 'Submit' button അമർത്തിയതിനുശേഷം ഇ–റസീപ്റ്റ് (e-receipt) ന്റെ പ്രിന്റ് എടുത്തു സൂക്ഷിക്കുക. ഭാവിയിൽ ഇതിന്റെ റീപ്രിന്റ് എടുക്കേണ്ടുന്ന ആവശ്യത്തിലേക്കായി റഫറൻസ് നമ്പർ, മൊബൈൽ നമ്പർ എന്നിവ ഓർത്തുവെക്കേണ്ടതാണ്. ഓൺലൈൻ വഴി ഫീസ് അടക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ Distance Education ലിങ്കിൽ Screenshot ആയി നൽകിയിട്ടുണ്ട്.

SC/ST/OEC വിഭാഗത്തിൽപ്പെടുന്ന, ഫീസ് ആനുകൂല്യം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഫീസ് ഒടുക്കേണ്ടതില്ല. അത്തരം വിദ്യാർത്ഥികൾ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (P.M.S) നുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഈ അപേക്ഷ പൂർണ്ണമായും പൂരിപ്പിക്കേണ്ടതും രക്ഷാകർത്താവ് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അപേക്ഷയോടൊപ്പം S.S.L.C മുതൽ ചെയ്ത എല്ലാകോഴ്സുകളുടേയും സർട്ടിഫിക്കറ്റുകളുടെ 2 വീതം പകർപ്പും, ജാതി/വരുമാനം/നേറ്റിവിറ്റി സർട്ടിഫിക്കറ്റുകളുടെ ഒറിജിനലും ഒരു പകർപ്പും അടക്കം ചെയ്യേ

ണ്ടതാണ്. അപേക്ഷാമാതൃക സർവകലാശാല വെബ്സൈറ്റിൽ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ലിങ്കിൽ ലഭ്യമാണ്.

**STEP 2** (ഓൺലൈൻ രജിസ്ട്രേഷൻ)

ഫീസ് ഒടുക്കിയതിനുശേഷം കോഴ്സ് പ്രവേശനത്തിനായി ഓൺലൈൻ രജിസ്ട്രേഷൻ നടത്തേണ്ടതാണ്. ഇതിനായി ഫോട്ടോ, ഫീസ് റസീപ്റ്റ്, യോഗ്യത സർട്ടിഫിക്കറ്റ് വിശദാംശങ്ങൾ, ഫീസ് ആനുകൂല്യം നേടുന്നതിന് സഹായകരമായ രേഖകൾ എന്നിവ കൈവശമുണ്ടെന്ന് ഉറപ്പുവരുത്തുക. പഠിക്കാൻ തിരഞ്ഞെടുക്കുന്ന കോഴ്സ്, അഡീഷണൽ ലാംഗ്വേജ് (മലയാളം, ഹിന്ദി, അറബിക്, കന്നട ഇവയിലേതെങ്കിലും ഒന്നുമാത്രം), ഓപ്പൺ കോഴ്സ് എന്നിവയേതെന്നും തീരുമാനിച്ചുറപ്പിക്കേണ്ടതാണ്. ഓരോകോഴ്സിനും തിരഞ്ഞെടുക്കാവുന്ന ഓപ്പൺ കോഴ്സുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

സർവകലാശാല വെബ്സൈറ്റിൽ ഹോം പേജിൽ 'Distance Education' എന്ന ലിങ്കിൽ ക്ലിക് ചെയ്ത് 'Register as Students' എന്ന ലിങ്കിലൂടെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

ആദ്യ പടിയായി ഫോട്ടോ അപ്‌ലോഡ് ചെയ്യുക. ഫോട്ടോ താഴെ പറയുന്ന തരത്തിലുള്ളതായിരിക്കണം.

- നിർബന്ധമായും കഴിഞ്ഞ ആറുമാസത്തിനുള്ളിൽ എടുത്ത പാസ്സ്പോർട്ട് ഫോട്ടോ ആയിരിക്കണം.
- മുഴുവൻ മുഖവും വ്യക്തമായിരിക്കണം
- Plain white അല്ലെങ്കിൽ Off white പശ്ചാത്തലത്തിലെടുത്തതായിരിക്കണം.
- Format Jpg, Size: 150 px width, 200 px height – Maximum Size 50 Kb

ഫോട്ടോ അപ്‌ലോഡ് ചെയ്തശേഷം മറ്റ് കോളങ്ങൾ മുഴുവനായും പൂരിപ്പിക്കുക.

**പേര് :**

യോഗ്യതാസർട്ടിഫിക്കറ്റിലുള്ളതുപോലെ തന്നെ വലിയ അക്ഷരത്തിൽ പൂരിപ്പിക്കുക.

**ജനന തീയതി:**

ജനന തീയതി എസ്.എസ്.എൽ.സിയിലേതു തന്നെ ആയിരിക്കണം. തീയതി, മാസം, വർഷം (DD/MM/YYYY) എന്നീ ക്രമത്തിലായിരിക്കണം. S.S.L.Cയിലും Transfer Certificate (TC) –ലും ജനന തീയതി വ്യത്യാസപ്പെട്ടിരിക്കുകയാണെങ്കിൽ സർവകലാശാലയിൽ അപേക്ഷ സമർപ്പിക്കുന്നതിനു മുൻപു തന്നെ TC നൽകിയ സ്ഥാപന മേധാവിയെക്കൊണ്ട് TC യിൽ തിരുത്തൽ വരുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. TC വാങ്ങിയതിനു ശേഷം. S.S.L.Cയിൽ ജനനതീയതി തിരുത്തേണ്ടി വന്ന സാഹചര്യം ഉണ്ടായിട്ടുണ്ടെങ്കിൽ പ്രസ്തുത തിരുത്തൽ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് അപേക്ഷയോടൊപ്പം അടക്കം ചെയ്യേണ്ടതാണ്.

**മേൽവിലാസം:**

സ്ഥിരമേൽവിലാസവും കത്തിടപാടുകൾ(Communication) നടത്തുന്നതിനുള്ള മേൽവിലാസവും ബന്ധപ്പെട്ട കോളങ്ങളിൽ തന്നെ പൂരിപ്പിക്കേണ്ടതാണ്. അത്യാവശ്യഘട്ടങ്ങളിൽ കോഴ്സ് സംബന്ധമായ സന്ദേശങ്ങൾ/അറിയിപ്പുകൾ കൈമാറുന്നതിലേക്കായി സ്വന്തം മൊബൈൽ ഫോൺ നമ്പറും ഇ–മെയിൽ വിലാസവും തന്നെ നൽകുക.

**എക്സാം സെന്റർ (Exam Centre):**

വിദ്യാർത്ഥികളെ അവർ താമസിക്കുന്ന പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കാൻ സഹായിക്കുന്നതിനാണ് എക്സാം സെന്റർ നൽകിയിരിക്കുന്നത്. വിദ്യാർത്ഥിക്കനുവദിക്കുന്ന എൻറോൾമെന്റ് നമ്പറിൽ എക്സാം സെന്റർ കോഡ് ഉണ്ടായിരിക്കുന്നതാണ്. ആയതിനാൽ തന്നെ പ്രസ്തുത ലിസ്റ്റിൽ നിന്നും താമസസ്ഥലത്തിന് ഏറ്റവും അടുത്തു സ്ഥിതി ചെയ്യുന്ന കോളേജിനെ എക്സാം സെന്ററായി തിരഞ്ഞെടുക്കുക. എന്നിരുന്നാലും എക്സാം സെന്ററായി തിരഞ്ഞെടുക്കുന്ന കോളേജിൽ തന്നെ പരീക്ഷ എഴുതുവാൻ അവസരം ലഭിക്കണമെന്നില്ല. മറിച്ച് അതിനോടടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരീക്ഷ സെന്ററുകൾ ക്രമീകരിക്കുന്നതാണ്.

**സ്റ്റഡിസെന്റർ:**

സമ്പർക്ക ക്ലാസ്സുകൾ, ഓറിയെന്റേഷൻ പ്രോഗ്രാം, ഗ്രേഡ് കാർഡ്/സ്റ്റഡിമെറ്റീരിയൽ വിതരണം എന്നിവ നടത്തുന്നതിനുവേണ്ടിയുള്ള സ്ഥലമാണ് സ്റ്റഡി സെന്ററുകൾ. ആയതിനാൽ ലിസ്റ്റിൽ നിന്നും താമസസ്ഥലത്തിന് ഏറ്റവും അടുത്തു സ്ഥിതി ചെയ്യുന്ന സ്റ്റഡി സെന്റർ തിരഞ്ഞെടുക്കുക.

**യോഗ്യത കോഴ്സ് വിശദാംശങ്ങൾ:**

യോഗ്യത കോഴ്സ് പാസായതിന്റെ രജിസ്ട്രർ നമ്പർ, പരീക്ഷ നടന്ന മാസം, വർഷം, മാർക്ക് ശതമാനം, പരീക്ഷ നടത്തിയ ബോർഡ് എന്നിവ ശരിയായി തന്നെ പൂരിപ്പിക്കുക.

**ഫീസ് വിശദാംശങ്ങൾ:**

'SBI Collect' വഴിയായി ഫീസ് അടച്ചതിന്റെ ഇ-റസീപ്റ്റിൽ നൽകിയിരിക്കുന്ന റഫറൻസ് നമ്പർ, തീയതി, തുക എന്നിവ നൽകുക. Branch എന്ന കോളത്തിൽ 'SBI Collect' എന്ന് പൂരിപ്പിക്കുക. SC/ST/OEC വിഭാഗത്തിൽപ്പെടുന്ന, ഫീസ് ആനുകൂല്യം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഫീസ് ഒടുക്കേണ്ടതില്ല. അത്തരം വിദ്യാർത്ഥികൾ മുകളിൽ പറഞ്ഞ കോളങ്ങളിലെല്ലാം 'പൂജ്യം' (Zero) എന്ന് പൂരിപ്പിക്കുക.

എല്ലാ കോളങ്ങളും പൂരിപ്പിച്ചെന്ന് ഉറപ്പുവരുത്തിയ ശേഷം REGISTER AS STUDENT ബട്ടൺ ക്ലിക് ചെയ്ത് രജ്സ്ട്രേഷൻ പൂർത്തിയാക്കുക

**STEP 3** (ഓൺലൈൻ രജിസ്ട്രേഷനു ശേഷം)

ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയ ശേഷം അപേക്ഷയുടെ പ്രിന്റ്ഔട്ട് (Printout) എടുത്ത് അതിലെ ഫോട്ടോയുടെ മുകളിൽ വിദ്യാർത്ഥി തന്റെ പൂർണ്ണമായ കൈയ്യൊപ്പ് പതിപ്പിച്ച് സ്വയം സാക്ഷ്യപ്പെടുത്തേണ്ടതാണ്. പ്രിന്റ്ഔട്ടിൽ വീണ്ടും ഫോട്ടോ പതിക്കരുത്. ഫോട്ടോയിലെ മുഖം അവ്യക്തമാകാത്ത രീതിയിൽ കൈയ്യൊപ്പ് പതിപ്പിക്കാൻ ശ്രദ്ധിക്കുക. തുടർന്ന് താഴെ പറയുന്ന രേഖകളോടുകൂടി പ്രിന്റ്ഔട്ട് സർവകലാശാലയിൽ നിശ്ചിത തീയതിക്കകം നേരിട്ടോ തപാൽമുഖേനയോ എത്തിക്കുക.

1. ഫീസ് അടച്ചതിന്റെ ഇ-റസീപ്റ്റ്
2. ഒറിജിനൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്
3. പ്ലസ് ടു/ പ്രീഡിഗ്രി സർട്ടിഫിക്കറ്റും ഒരു സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും

4. S.S.L.C യുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് [അഫ്സൽ–ഉൽ–ഉലമ (പ്രിലിമിനറി) വിദ്യാർത്ഥികൾ S.S.L.C യുടെ ഒറിജിനലും അടക്കം ചെയ്യേണ്ടതാണ്]
5. ഡിഗ്രിയുടെ സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ് എന്നിവയുടെ ഒറിജിനലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും (പി.ജി & അഡീഷണൽ ഡിഗ്രി വിദ്യാർത്ഥികൾക്കു മാത്രം)
6. കമ്മ്യൂണിറ്റി, വരുമാനം, നേറ്റിവിറ്റി സർട്ടിഫിക്കറ്റുകളുടെ അസ്സലും ഒരു സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും (ഫീസ് ആനുകൂല്യത്തിന് അപേക്ഷിക്കുന്നവർക്കു മാത്രം ബാധകം)
7. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (P.M.S)നുള്ള പൂരിപ്പിച്ച അപേക്ഷ (ഫീസ് ആനുകൂല്യത്തിന് സർവകലാശാല വഴി അപേക്ഷിക്കുന്നവർക്കു മാത്രം ബാധകം. ടി വിദ്യാർത്ഥികൾ S.S.L.C മുതലുള്ള എല്ലാ സർട്ടിഫിക്കറ്റുകളുടേയും സ്വയം സാക്ഷ്യപ്പെടുത്തിയ 2 വീതം പകർപ്പുകൾ അടക്കം ചെയ്യേണ്ടതാണ്).
8. അപേക്ഷയിൽ അപ്‌ലോഡ് ചെയ്ത ഫോട്ടോ ഒരെണ്ണം
9. ഇക്വിവാലൻസ് സർട്ടിഫിക്കറ്റ് (ബന്ധപ്പെട്ടവർ മാത്രം)

അപേക്ഷ സർവകലാശാലയിൽ നേരിട്ട് എത്തിക്കുന്നവർക്ക്, സ്റ്റോക്കുള്ള പക്ഷം സ്വയം പഠന സഹായി (Self Learning Material) അപ്പോൾ തന്നെ വിതരണം ചെയ്യുന്നതാണ്. എന്നാൽ അപേക്ഷ സമർപ്പിച്ചതുകൊണ്ടും സ്വയം പഠന സഹായി ലഭിച്ചതുകൊണ്ടും കോഴ്സ് പ്രവേശനം ലഭിച്ചു എന്ന് തെറ്റിദ്ധരിക്കരുത്. അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയതിനുശേഷം ഓറിയന്റേഷൻ പ്രോഗ്രാം (Orientation Programme)ൽ വച്ച് അഡ്മിഷൻ കാർഡ് നൽകുന്നതോടുകൂടി മാത്രമേ പ്രവേശന നടപടികൾ പൂർത്തിയാവുകയുള്ളൂ. പ്രസ്തുത പ്രോഗ്രാമിൽ വച്ചുതന്നെ യോഗ്യത സർട്ടിഫിക്കറ്റുകൾ തിരികെ നൽകുകയും സ്വയം പഠന സഹായികൾ കൈപ്പറ്റാത്തവർക്ക് അവ നൽകുകയും ചെയ്യുന്നതാണ്.

(ഒപ്പ്)
അസിസ്റ്റന്റ് രജിസ്ട്രാർ
വിദൂര വിദ്യാഭ്യാസ വിഭാഗം